**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ലൈഫ് മിഷൻ (ജനറൽ) പദ്ധതിയ്ക്കായി വികസന ഫണ്ട് ജനറൽ ഹെഡിൽനിന്നും പിൻവലിച്ചതും അനർഹമായി അനുവദിച്ചതായി കണ്ടെത്തിയതിനാൽ ഗുണഭോക്താവിൽനിന്നും തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കിയതുമായ തുക ഗ്രാമപഞ്ചായത്തിന് തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 4229/2019/ധന — തീയതി, തിരുവനന്തപുരം, 04/06/2019

പരാമർശം: 1) കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/04/2019 ലെ 3177/SC 3/19 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ലൈഫ് മിഷൻ (ജനറൽ) പദ്ധതിയ്ക്കായി വികസന ഫണ്ട് ജനറൽ ഹെഡിൽനിന്നും പിൻവലിച്ചതും അനർഹമായി അനുവദിച്ചതായി കണ്ടെത്തിയതിനാൽ ഗുണഭോക്താവിൽനിന്നും തിരികെ ഈടാക്കിയ 40,000/- (നാൽപ്പതിനായിരം രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ 2018-19 വർഷം വികസന ഫണ്ട് ജനറൽ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടച്ച 40,000/- (നാൽപതിനായിരം രൂപ) തൻ വർഷം പദ്ധതി ചെലവിലേയ്ക്കായി തിരികെ അനുവദിക്കണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2018-19 സാമ്പത്തിക വർഷം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽനിന്നും പിൻവലിക്കുകയും ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചെയ്ത 40,000/- രൂപ (നാല്പതിനായിരം രൂപ മാത്രം) കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ടിലേക്കുള്ള

അധിക അലോട്ട്മെന്റായി '3604-00-200-86-(05)-35' എന്ന കണക്ക് ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ. ഒ.ബി.**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കയ്യൂർചീമേനി ഗ്രാമ പഞ്ചായത്ത്, ചീമേനി, കാസർഗോഡ്- 671313
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ളിയു-ജെ/ ഡെവലപ്. വിംഗ്/എസ്.എസ്) വകുപ്പ്
കരുതൽഫയൽ/ ഓഫീസ് പകർപ്പ് (ഇ-1199843)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ